*പൊതു വിദ്യാഭ്യാസ*
*ഡയറക്ടറുടെ കാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

*No. ICT Cell/1771/1/DGE-HSS/2021* *10th September 2021*

# സർക്കുലർ

**വിഷയം: ഹയർ സെക്കണ്ടറി ഏകജാലക പ്രവേശനം-2021 ട്രയൽ അലോട്ട്മെൻറ് റിസൾട്ട് പ്രസിദ്ധീകരണം:പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

2021-22 പ്ലസ്സ് വൺ ഏകജാലക പ്രവേശനത്തിൻെറ ട്രയൽ അലോട്ട്മെൻറ് റിസൾട്ട് 2021 സെപ്റ്റംബർ 13 ന് രാവിലെ 9 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. പ്രോസ്പക്ടസ് മാനദണ്ഡങ്ങൾ അനുസരിച്ച് സാധുതയുള്ള അപേക്ഷകളും ഓപ്ഷനുകളുമാണ് അലോട്ട്മെൻറിനായി പരിഗണിച്ചിട്ടുള്ളത്. പൊതുവിദ്യാഭ്യാസ വകുപ്പിൻെറ അഡ്മിഷൻ ഗേറ്റ്‌വേ ആയ **www.admission.dge.kerala.gov.in** എന്ന വെബ്സൈറ്റിലെ **"Click for Higher Secondary Admission"** എന്ന ലിങ്കിലൂടെ ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിൽ പ്രവേശിച്ച് Candidate Login-SWS എന്നതിലൂടെ ലോഗിൻ ചെയ്ത് ക്യാൻഡിഡേറ്റ് ലോഗിനിലെ Trial Results എന്ന ലിങ്കിലൂടെ അപേക്ഷകർക്ക് ട്രയൽ റിസൾട്ട് പരിശോധിക്കാവുന്നതാണ്.

സ്കൂളുകളിലേയ്ക്കുള്ള ട്രയൽ അലോട്ട്മെൻറ് ലിസ്റ്റുകൾ ഇതേ വെബ്സൈറ്റിൽ അഡ്മിൻ യൂസറായി ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യാവുന്നതാണ്.സ്കൂളിലേക്കുള്ള ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് സീറ്റ്മെട്രിക്സ് പ്രകാരം തന്നെയാണെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതും ഏതെങ്കിലും തരത്തിലുള്ള പൊരുത്തക്കേടുകൾ കണ്ടെത്തുകയാണെങ്കിൽ സത്വരമായി ഐ.സി.റ്റി. സെല്ലിൽ അറിയിക്കേണ്ടതുമാണ്.

**2021 സെപ്റ്റംബർ 16 ന് വൈകിട്ട് 5 മണിവരെ** അപേക്ഷകർക്ക് ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് പരിശോധിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷാവിവരങ്ങളിലുള്ള എല്ലാവിധ തെറ്റുകളും തിരുത്തുന്നതിനുള്ള അവസാന അവസരമാണിത്. എന്തെങ്കിലും തിരുത്തലുകൾ ആവശ്യമാണെങ്കിൽ ക്യാൻഡിഡേറ്റ് ലോഗിനിലെ Edit Application എന്ന ലിങ്കിലൂടെ ആവശ്യമായ തിരുത്തലുകൾ /ഉൾപ്പെടുത്തലുകൾ **2021 സെപ്റ്റംബർ 16 ന് വൈകിട്ട് 5 മണിക്കുള്ളിൽ നടത്തി ഫൈനൽ കൺഫർമേഷൻ ചെയ്യേണ്ടതുമാണ്.**

അപേക്ഷകർക്ക് ട്രയൽ അലോട്ട്മെൻറ് റിസൾട്ട് പരിശോധിക്കുന്നതിനും അപേക്ഷയിൽ തിരുത്തലുകൾ/ഉൾപ്പെടുത്തലുകൾ നടത്തുന്നതിനും വേണ്ട സാങ്കേതിക സഹായം സ്കൂൾ ഹെൽപ്പ് ഡെസ്കുകളിലൂടെ ചെയ്ത് കൊടുക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ